# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3043 13.07.2015-ൽ മറുപടിയ്ക്ക്

### <u>ടെലിഫോണുകളുടെ നിരീക്ഷണം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ഡോ. കെ. ടി. ജലീൽ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ടെലിഫോണുകൾ നിരീക്ഷിക്കുന്നതിന് ആഭ്യന്തര വകുപ്പിൽ നിന്നും നൽകിയ അനുമതി ഉത്തരവുകൾ നിരീക്ഷിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത കമ്മിറ്റി ഏറ്റവും ഒടുവിൽ ചേർന്നത് എപ്പോഴാണ് ; | (ബി) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ റിവ്യൂ കമ്മിറ്റി അവസാനമായി യോഗം ചേർന്നത് 21.11.2014 – നാണ്. കമ്മിറ്റിയുടെ അടുത്ത യോഗം 13.07.2015-ൽ ചേരാൻ നിശ്ചയിച്ചിട്ടുണ്ട്. |
| (സി) ഈ സർക്കാരിന്റെ കാലത്ത് ടെലിഫോണുകൾ നിരീക്ഷിക്കുന്നതിന് നൽകിയ അനുമതി ഉത്തരവുകൾ എത്രയാണ് ; | (സി) അതീവ രഹസ്യ സ്വഭാവമുള്ളതായതിനാൽ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |
| (ഡി) കമ്മിറ്റിയുടെ നിരീക്ഷണത്തിനായി പരിഗണനയിലുള്ള കേസുകൾ എത്ര ; | (ഡി) ടെലഫോണുകൾ നിരീക്ഷിക്കുന്നതിനായി അനുമതി നല്കിയ എല്ലാ ഉത്തരവുകളും റിവ്യൂ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കാറുണ്ട്. |
| (ഇ) ആഭ്യന്തര പ്രിൻസിപ്പൽ സെക്രട്ടറിയുടെ അനുമതിയില്ലാതെ ചിലരുടെ ഫോണുകൾ പോലീസ് ഉദ്യോഗസ്ഥന്മാർ നിരീക്ഷിക്കുന്നതായ വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) എൻ.എസ്.എസ്. ജനറൽ സെക്രട്ടറി തന്റെ ഫോൺ സംഭാഷണം നിരീക്ഷിക്കുന്നതായി പത്രസമ്മേളനത്തിലൂടെ പരാതിപ്പെട്ടിരുന്നുവോ ; . ഏങ്കിൽ അന്വേഷിക്കുകയുണ്ടായോ ? | (എഫ്) ഇതു സംബന്ധിച്ച പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ദക്ഷിണ മേഖല എ.ഡി.ജി.പി. യെ അന്വേഷണത്തിനായി ചുമതലപ്പെടുത്തുകയും ആരോപണത്തിൽ കഴമ്പില്ലെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ